# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.47 — 26-04-2017-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.ടി.എ. അഹമ്മദ് കബീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ഡോ.ടി.എം. തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**<u>പൊതുമേഖലാ ബാങ്കുകളിലെ ഉപഭോക്തൃസൗഹൃദമല്ലാത്ത നടപടികൾ</u>**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രമുഖ പൊതുമേഖലാ ബാങ്കുകളിൽ പലതും ഉപഭോക്തൃ സൗഹൃദമല്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | നോട്ടുനിരോധന നടപടികൾക്കുശേഷം അമിതഫീസ് ഈടാക്കുക, വിവിധതരം പിഴകൾ ഏർപ്പെടുത്തുക, ഇടപാടുകളിൽ നിയന്ത്രണമേർപ്പെടുത്തുക തുടങ്ങിയ ബാങ്കുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | പൊതുമേഖലാബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് റിസർവ്വ് ബാങ്കും ഭാരത സർക്കാരുമാണ്. അതുകൊണ്ട് ബാങ്കുകൾ അവരുടെ സേവനങ്ങൾക്ക് ഏകപക്ഷീയമായി ഏർപ്പെടുത്തുന്ന അമിതമായ ഫീസും പിഴയും ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. |
| (സി) | പ്രസ്തുത വിഷയത്തിൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുകിട്ടുന്നതിന് സർക്കാർ ഇടപെടൽ ഉണ്ടാകുമോ ? | ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**